പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.260

20.03.2015 ൽ
മറുപടിക്ക്

## നെൽവയൽ ഡാറ്റാ ബാങ്ക് രൂപീകരണം

ചോദ്യം
ശ്രീ.ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ.എൻ .എ.നെല്ലിക്കുന്ന്
ശ്രീ.പി.ഉബൈദുള്ള
ശ്രീ. സി.മമ്മൂട്ടി :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ ഡാറ്റാ ബാങ്ക് രൂപീകരണ നടപടികളിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ). | ഉണ്ട്. ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന കരട് ഡാറ്റാ ബാങ്കിലെ ന്യൂനതകൾ സംബന്ധിച്ച് അപ്പീൽ സമർപ്പിക്കുന്നതിന് നിലവിലെ നിയമത്തിൽ സാദ്ധ്യതയില്ലാത്തതിനാൽ കരട് ഡാറ്റാ ബാങ്കിലെ ന്യൂനതകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അപ്പീൽ സമർപ്പിക്കുന്നതിന് നിലവിൽ അവസരമില്ലാത്തത് സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൃഷി വകുപ്പിലെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥരുടെ ഏകോപനം ഇക്കാര്യത്തിൽ ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | അതത് പ്രദേശത്തെ കൃഷി ഓഫീസറും വില്ലേജ് ഓഫീസറും സഹകരിച്ചാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുള്ളത്. പ്രാദേശികതല നിരീക്ഷണ സമിതിയിൽ കൃഷി ഓഫീസറും വില്ലേജ് ഓഫീസറും അംഗങ്ങളാണ്. കൃഷി ഓഫീസറുടെയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെയും ഏകോപനത്തോടെയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പതിറ്റാണ്ടുകൾക്ക് മുമ്പ് കരഭൂമിയായി മാറ്റുകയും വീടുകളുൾപ്പെടെയുള്ള നിർമ്മിതികളുള്ളതുമായ ഭൂമി, നെൽവയലായി രേഖപ്പെടുത്തുന്നതുപോലെയുള്ള അപാകതകൾ ഒഴിവാക്കാൻ ആവശ്യമായ നടപടികൾ ഡാറ്റാ ബാങ്ക് രൂപീകരണത്തിൽ സ്വീകരിക്കുമോ? | (സി) | ഭൂമിയുടെ തൽസ്ഥിതി നേരിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ഡാറ്റാ ബാങ്ക് തയ്യാറാക്കുവാനാണ് ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിരിക്കുന്നത്. പ്രസ്തുത കാര്യം സംബന്ധിച്ച് ചട്ടങ്ങളിൽ അസന്നിഗ്ധമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിനനുസൃതമായി ബി.റ്റി.ആറിൽ മാറ്റം വരുത്തുവാൻ നിലവിൽ നിയമം അനുശാസിക്കുന്നില്ല. ഇത് സംബന്ധിച്ച് ബഹു.സുപ്രീം കോടതി വിധിന്യായത്തിലും (State of Kerala Vs Jalaja Dileep) പ്രസ്തുത കാര്യം പ്രതിപാദിക്കുന്നുണ്ട്.<br><br>സെക്ഷൻ ഓഫീസർ |